# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

**സ്റ്റാൻഡേർഡ്: X** | **ജീവശാസ്ത്രം** | **സമയം: 90 മിനിറ്റ്**

**സ്കോർ: 40**

---

**( 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം) (1X5=5)**

**1. പദജോഡി ബന്ധം തിരിച്ചറിഞ്ഞ് പൂരിപ്പിക്കുക.**

ഗ്ലോക്കോമ : അക്വസ് ദ്രവത്തിന്റെ പുനരാഗിരണം തടസപ്പെടുന്നു.

തിമിരം : ...........................................

**2. ചുവടെ നൽകിയിരിക്കുന്നവയിൽ പീതബിന്ദുവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?**

a) കാഴ്ച സാധ്യമല്ലാത്ത ഭാഗം.
b) പ്രകാശഗ്രാഹികൾ കാണപ്പെടുന്നില്ല.
c) നേത്രനാഡി ഇവിടെ നിന്നും ആരംഭിക്കുന്നു.
d) ഏറ്റവും വ്യക്തമായ കാഴ്ച നൽകുന്ന ഭാഗം.

**3. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്ന് ഒറ്റപ്പെട്ടത് കണ്ടെത്തി മറ്റുള്ളവയുടെ പൊതു സവിശേഷത എഴുതുക.**

രുചി, ദാഹം, മണം, സ്പർശം.

**4. A, B ഇവ എന്തിനെ സൂചിപ്പിക്കുന്നു ?**




**5. തലച്ചോറിൽ സെറിബ്രോസ്പൈനൽ ദ്രവം രൂപീകൃതമാകുന്നതിന് സമാനമായി കണ്ണിൽ രൂപപ്പെടുന്ന ദ്രവമേത് ?**

**6. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവന വിശകലനം ചെയ്ത് കാരണമെഴുതുക.**

" കണ്ണുനീരിന് അണുനാശകശേഷിയുണ്ട്."

TVPM EDNL DIST

**( 7 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം) (2X6=12)**

**7. നൽകിയിരിക്കുന്ന പ്രസ്താവനകളിൽ അടിവരയിട്ട ഭാഗത്ത് തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക.**


a) ഉദ്ദീപനങ്ങളെ സ്വീകരിക്കാൻ ജ്ഞാനേന്ദ്രിയങ്ങളിലും മറ്റ് ശരീരഭാഗങ്ങളിലും ഉള്ള സവിശേഷ കോശങ്ങളാണ് ഗ്രാഹികൾ.

b) റോഡുകോശങ്ങളുടെ തകരാറാണ് വർണാന്ധതയ്ക്കു കാരണം.

c) ഗന്ധകണികകൾ ശ്ലേഷ്മത്തിൽ ലയിക്കുമ്പോഴാണ് ഗന്ധഗ്രാഹികൾ ഉദ്ദീപിപ്പിക്കപ്പെടുന്നത്.

d) ജീവികളിൽ പ്രതികരണങ്ങൾക്ക് കാരണമായ പ്രേരണകളാണ് ആവേഗങ്ങൾ.


**8. ഒരു സംവേദഗ്രാഹിയുടെ ചിത്രമാണ് ചുവടെ നൽകിയിരിക്കുന്നത്.**



**a)** ഗ്രാഹിയേത്?


**b)** ഈ ഗ്രാഹികൾ കാണപ്പെടുന്ന ജ്ഞാനേന്ദ്രിയമേത്?

**9. ചിത്രീകരണം ഉചിതമായി പൂർത്തിയാക്കുക.**




TVPM EDNL DIST


**10.** **ചുവടെ നൽകിയിരിക്കുന്ന ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**




a) A, B എന്നിവ തിരിച്ചറിയുക.

b) A യിൽ കാണുന്ന വർണവസ്തു ഏത്?

**11.** **സുഷുമ്നയുടെ ഛേദം നിരീക്ഷിച്ച് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**




a) A സൂചിപ്പിക്കുന്നതെന്ത്?

b) ഡോഴ്സൽ റൂട്ടിലൂടെയും,വെൻട്രൽ റൂട്ടിലൂടെയും കടന്നു പോകുന്ന ആവേഗങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ?

**12.** **സ്വാദ് എന്ന അനുഭവവുമായി ബന്ധപെട്ട ഘട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു. അവയെ ക്രമപെടുത്തി എഴുതുക.**

a) ആവേഗങ്ങളുണ്ടാകുന്നു.

b) സ്വാദ്കണികകൾ ഉമിനീരിൽ ലയിക്കുന്നു.

c) ആവേഗങ്ങൾ നാഡി വഴി തലച്ചോറിലെത്തുന്നു.

d) സ്വാദ്ഗ്രാഹികൾ ഉദ്ദീപിപ്പിക്കപ്പെടുന്നു.

e) സ്വാദ് എന്ന അനുഭവമുണ്ടാകുന്നു.

TVPM-DNL DIST

**13.** രണ്ട് നാഡീകോശങ്ങൾ മാത്രം പരസ്പരം ബന്ധപ്പെടുന്ന ഭാഗമാണ് സിനാപ്സ്. ഈ പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

**( 14 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം) (3X5=15)**

**14.** രണ്ടു വ്യക്തികളുടെ രോഗലക്ഷണങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

**A**

കേവല ഓർമകൾ പോലും ഇല്ലാതാകുന്നു. കൂട്ടുകാരെയും ബന്ധുക്കളെയും തിരിച്ചറിയാൻ കഴിയാതെ വരുന്നു.

**B**

ശരീര തുലനനില നഷ്ടപ്പെടുന്നു, പേശികളുടെ ക്രമരഹിതമായ ചലനം, ശരീരത്തിന് വിറയൽ.

a) **A, B** എന്നീ വ്യക്തികളുടെ രോഗങ്ങൾ തിരിച്ചറിയുക.


b) **A** എന്ന വ്യക്തിയുടെ രോഗകാരണം വ്യക്തമാക്കുക.

**15.** മസ്തിഷ്കഭാഗങ്ങളുമായി ബന്ധപ്പെട്ട പട്ടികയാണ് ചുവടെ നൽകിയിരിക്കുന്നത്. വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക.

| ഭാഗങ്ങൾ | പ്രത്യേകത | ധർമം |
|---|---|---|
| A | B | ബുദ്ധി, ചിന്ത, ഭാവന ഇവയുടെ കേന്ദ്രം |
| സെറിബെല്ലം | രണ്ടാമത്തെ വലിയ ഭാഗം | C |
| മെഡുല്ല ഒബ്ലോംഗേറ്റ | സെറിബ്രത്തിനു താഴെ സെറിബെല്ലത്തോടു ചേർന്ന് ദണ്ഡാകൃതിയിൽ കാണപ്പെടുന്നു. | D |
| E | സെറിബ്രത്തിനു താഴെ കാണപ്പെടുന്നു. | ആവേഗങ്ങളുടെ പുനഃപ്രസരണകേന്ദ്രം |
| F | തലാമസിനു തൊട്ടു താഴെ കാണപ്പെടുന്നു. | ആന്തരസമസ്ഥിതി പാലനത്തിൽ പ്രധാന പങ്കു വഹിക്കുന്നു. |

TVPM EDNL DIST

**16. കേൾവിയുമായി ബന്ധപ്പെട്ട ഫ്ലോചാർട്ട് വിശകലനം ചെയ്ത് ഉചിതമായി പൂരിപ്പിക്കുക.**




**17. ആക്സോണിന്റെ പ്ലാസ്മാസ്തരത്തിന് ഇരുവശങ്ങളിലുമുള്ള ചാർജുകളുടെ വിന്യാസം സൂചിപ്പിക്കുന്ന ചിത്രീകരണം നിരീക്ഷിക്കുക.**



a) പ്ലാസ്മാസ്തരത്തിന് ഇരുവശങ്ങളിലുമായി വ്യത്യസ്ത ചാർജുകൾ ഉണ്ടാകുന്നതിന് കാരണം എന്ത് ?

b) ഉദ്ദീപനങ്ങൾ പ്ലാസ്മാസ്തരത്തിന് ഇരുവശങ്ങളിലുമുള്ള ചാർജുകളിൽ എന്ത് വ്യത്യാസമുണ്ടാക്കുന്നു? ഈ വ്യത്യാസം സന്ദേശങ്ങളായി ആക്സോണിലൂടെ പ്രവഹിക്കുന്നതെങ്ങനെ?

**18. സ്വതന്ത്രനാഡീ വ്യവസ്ഥയുടെ ചില പ്രവർത്തനങ്ങൾ ചുവടെ നൽകിയിരിക്കുന്നു. പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് ഉചിതമായ തലക്കെട്ടുകൾ നൽകി പട്ടികപ്പെടുത്തുക.**


a) പ്യൂപ്പിൾ വികസിക്കുന്നു.

b) ഹോർമോൺ ഉൽപ്പാദനം കുറയുന്നു.


c) ഗ്ലൂക്കോസിനെ ഗ്ലൈക്കോജനാക്കുന്നു.

d) പെരിസ്റ്റാൾസിസ് മന്ദീഭവിക്കുന്നു.

**19. കണ്ണിന്റെ സമഞ്ജനക്ഷമതയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**



A



B

TVPM EDNL DIST

a) അടുത്തുള്ള വസ്തുവിനെ നോക്കുമ്പോൾ ലെൻസിനുണ്ടാകുന്ന മാറ്റം സൂചിപ്പിക്കുന്ന ചിത്രമേത് ?

b) അകലെയുള്ള വസ്തുവിനെ നോക്കുമ്പോൾ ലെൻസിന്റെ വക്രതയിൽ വരുന്ന മാറ്റം എന്ത് ? സീലിയറി പേശികളും സ്നായുക്കളും ഇതിന് എപ്രകാരം സഹായിക്കുന്നു?

**( 20 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം)** **(4X2=8)**

**20. ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**





a) ചിത്രം എന്തിനെ സൂചിപ്പിക്കുന്നു?

b) X, Y തിരിച്ചറിഞ്ഞെഴുതുക.

c) ശരീരതുലനനില പാലിക്കാൻ സഹായിക്കുന്ന ഭാഗങ്ങൾ ഏതെല്ലാം ?

**21. ചിത്രീകരണം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**





TVPM EDNL DIST

a) മുകളിൽസൂചിപ്പിച്ചിരിക്കുന്ന പ്രതികരണമേത്?

b) ഇത്തരം പ്രതികരണത്തിന്റെ രണ്ടു തരങ്ങൾ ഏതെല്ലാം?

c) 1 മുതൽ 4 വരെ ഭാഗങ്ങൾ തിരിച്ചറിഞ്ഞെഴുതുക.

**22. കണ്ണിൻെറ ചിത്രം പകർത്തി വരച്ച് ചുവടെ നൽകിയ സവിശേഷതകൾ ഉള്ള ഭാഗങ്ങൾ കണ്ടെത്തി അടയാളപ്പെടുത്തുക.**



a) ദൃഢപടലത്തിൻെറ മുൻഭാഗത്തുള്ള സുതാര്യവും മുന്നോട്ട് തള്ളിയതുമായ ഭാഗം.

b) കണ്ണിൻെറ ആകൃതി നിലനിർത്താൻ സഹായിക്കുന്ന ദ്രവം നിറഞ്ഞിരിക്കുന്ന അറ.

c) പ്രകാശ ഗ്രാഹീകോശങ്ങളിൽ നിന്നുള്ള ആവേഗങ്ങളെ മസ്തിഷ്കത്തിലെ കാഴ്ചയുടെ കേന്ദ്രത്തിൽ എത്തിക്കുന്ന ഭാഗം.

-----------------------------------------------------------------------------------------------

TVPM EDNL DIST